

# സ്നേഹിതൻ

• ഗോകുലൻ ചേവായൂർ

പാച്ചുക്കുറുക്കൻ കൗശലക്കാരനാണ്. കാട്ടിൽ അലഞ്ഞു നടന്ന് ഭക്ഷണം കണ്ടെത്തുവാൻ അവന് താൽപര്യമില്ല. ആരോടെങ്കിലും ചങ്ങാത്തം കൂടി അവരുടെ ഔദാര്യത്തിൽ ജീവിക്കാനാണ് ഇഷ്ടം. അങ്ങനെ പാച്ചു ഗീർ സിംഹത്തിന്റെ കൂട്ടുകാരനായി. ഗീർ സിംഹത്തിനായി ഇരകളെ കണ്ടെത്തി ഒറ്റുകാരനെ പോലെ വിവരം ഗീർ സിംഹത്തിന്റെ അടുത്തെത്തിക്കും. സിംഹം ഓടിയെത്തി ഉടനെ ചാടിവീണ് കൊന്നുകഴിഞ്ഞാൽ ഒരു പങ്ക് പാച്ചുക്കുറുക്കന് കിട്ടും. അധ്വാനമില്ലാതെ ജീവിതം കുശാലായി പോകുന്ന നേരത്താണ് അത് സംഭവിച്ചത്.

ഒരു ദിവസം ഗീർ സിംഹം ഇരപിടിക്കാനുള്ള മരണപ്പാച്ചിലിൽ വലിയൊരു പാറപ്പുറത്തു നിന്ന് വീണു. ജീവൻ തിരിച്ചുകിട്ടിയെങ്കിലും കാലുകൾ പൊട്ടിപ്പോയി. അതോടെ പട്ടിണിയിലായി. ഇരപിടിക്കാൻ പറ്റാതെവന്നു. കിടപ്പിലായി.

ഇനി ഗീർസിംഹത്തോടൊപ്പം നിന്നിട്ട് കാര്യമില്ലെന്ന് പാച്ചു തീരുമാനിച്ചു. അവൻ പുതിയ ചങ്ങാതിയെ തേടി. ചോപ്പൻ കടുവയെ കണ്ട് പരസ്പരം സഹായിച്ച് മുന്നോട്ടുപോകുന്നതിനെ പറ്റി സംസാരിച്ചു.

ഗീർ സിംഹത്തെ വിട്ടുപോരാനുണ്ടായ കാരണമെന്തെന്ന് ചോപ്പൻ കടുവ ചോദിച്ചു.

പാച്ചുക്കുറുക്കൻ കാര്യം പറഞ്ഞു. അത് കേട്ടപ്പോൾ ചോപ്പന് ദേഷ്യം വന്നു. ആപത്ത് കാലത്ത് സഹായിക്കാതെ ഗീർ സിംഹത്തെ വിട്ട് സ്വന്തം കാര്യം നോക്കി പോന്ന പാച്ചുവിനോട് ചോപ്പൻ ദേഷ്യത്തോടെ പറഞ്ഞു:

“നിന്നെ ഒരിക്കലും എനിക്ക് സ്നേഹിതനായി വേണ്ട. ആപത്ത് വരുമ്പോൾ സഹായിക്കാത്തവൻ സ്നേഹിതനല്ല. ഇത്രയും കാലം ഗീർ ചേട്ടൻ നിന്നെ സഹായിച്ചു. ഇനിയുള്ള കാലം നീ അവന് വേണ്ട ഭക്ഷണം എത്തിച്ചുകൊടുത്തേ പറ്റൂ. ഇല്ലെങ്കിൽ ഞാൻ നിന്റെ കഥ കഴിക്കും. ഇനി മുതൽ അത് നിന്റെ കടമയാണ്. ഉടനെ പോകൂ. ഗീർ ചേട്ടൻ പട്ടിണി കിടന്ന് ചാകും മുമ്പേ വേണ്ടത് എത്തിച്ചുകൊടുക്കൂ.’’ ചോപ്പൻ കടുവ അലറി പറഞ്ഞു. പേടിച്ചു വിറച്ച പാച്ചുക്കുറുക്കൻ തന്റെ തലയിൽ വന്നുവീണ പുതിയ ജോലിഭാരവുമായി തിരിഞ്ഞുനടന്നു; മറ്റൊരു വഴിയുമില്ലാതെ. •

▸▸ യവനപ്രിയ എന്നറിയപ്പെടുന്ന സുഗന്ധ വ്യഞ്ജനം– കുരുമുളക്